## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- T 161 — 22.03.2012-ൽ മറുപടിയ്ക്ക്

**തമിഴ്നാട്ടിൽ കഴിയുന്ന മലയാളികളുടെ സുരക്ഷിതത്വം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.എം.എ.ബേബി<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) മുല്ലപ്പെരിയാർ പ്രശ്നവുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിൽ കഴിയുന്ന മലയാളികളുടെ ജീവനും, സ്വത്തിനും ഭീഷണി നേരിട്ട വിവരം മനസ്സിലാക്കിയിട്ടുണ്ടോ;<br><br>(ബി) അവർക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) ഉണ്ട്. മുല്ലപ്പെരിയാർ പ്രശ്നവുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിൽ കഴിയുന്ന മലയാളികളുടെ ജീവനും സ്വത്തിനും ഭീഷണി ഉള്ളതായി ശ്രദ്ധയിൽപ്പെട്ട അവസരത്തിൽത്തന്നെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയുണ്ടായി.<br><br>ഇടുക്കി ജില്ലാ കളക്ടർ, തേനി ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് അപ്പോഴപ്പോൾ ആവശ്യമായ നടപടികൾ സ്വീകരിച്ചിരുന്നു. തമിഴ്നാടിന്റെ പല ഭാഗങ്ങളിൽ ആക്രമണത്തിനിരയായവരേയും, യാത്ര ചെയ്യുവേ കുടുങ്ങിപ്പോയവരേയും രക്ഷപ്പെടുത്തുന്നതിനായി പോലീസ് അധികാരികൾ തമിഴ്നാട് പോലീസുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുകയുണ്ടായി. തമിഴ്നാട് പോലീസിന്റെ സഹായത്തോടെ യാത്രാമദ്ധ്യേ വഴിയിൽ കുടുങ്ങി പോയവരെ സുരക്ഷിതമായി കേരളത്തിൽ എത്തിച്ചു. അതിർത്തി പ്രദേശങ്ങളിൽ താമസിച്ചിരുന്നവർക്കും ആവശ്യമായ സുരക്ഷ ഏർപ്പെടുത്തിയിരുന്നു. സർക്കാർ തലത്തിലും ആവശ്യമായ നടപടികൾ സ്വീകരിക്കുകയുണ്ടായി. |
| (സി) ഇക്കാര്യത്തിൽ കേന്ദ്രം ഫലപ്രദമായ എന്തെങ്കിലും ഇടപെടലുകൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) ഇരു സംസ്ഥാനങ്ങളുമായി കേന്ദ്രം ഇതുസംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ട്. |
| (ഡി) നാശനഷ്ടങ്ങൾ നേരിട്ടവർക്ക് എന്തെങ്കിലും നഷ്ടപരിഹാരം കേരള സർക്കാരോ, കേന്ദ്ര സർക്കാരോ തമിഴ്നാട് സർക്കാരോ നൽകിയോ ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ? | (ഡി) കേരള സർക്കാർ നൽകിയിട്ടില്ല. തമിഴ്നാട് ഗവണ്മെന്റ് നല്കിയോ എന്ന വിവരം ഇല്ല. |

(signature)

സെക്ഷൻ ഓഫീസർ.